**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** — **31-08-2022 - ൽ മറുപടിയ്ക്ക്**

**അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കുമുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനാഥാലയങ്ങളിലും അഗതിമന്ദിരങ്ങളിലും കഴിയുന്ന അന്തേവാസികൾക്കുള്ള പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | അനാഥ / അഗതി / വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത്. അവരുടെ പൂർണ്ണമായ സംരക്ഷണ ചുമതല പ്രസ്തുത സ്ഥാപനങ്ങൾക്കാണ്. ഇത്തരം സ്ഥാപനങ്ങളിൽ അർഹതപ്പെട്ടവർക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ അനാഥ / അഗതി / വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലായെന്ന് 28.07.2021 ലെ സ.ഉ(സാധാ)നം.5171/2021/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുവെന്ന കാരണത്താൽ പെൻഷൻ നിർത്തലാക്കുന്നത് ഇത്തരക്കാരോടുള്ള അനീതിയാണെന്നത് പരിഗണിച്ച് പെൻഷൻ വിതരണം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത ഗ്രാന്റ് ലഭിക്കാത്ത ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പരിശോധിക്കാവുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് നൽകി വരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ പരിമിതിയുണ്ട് |
| (ഇ) | അഗതി പെൻഷനും ഗ്രാന്റും തമ്മിലുള്ള അന്തരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ പരിമിതിയുണ്ട് |

സെക്ഷൻ ഓഫീസർ